പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 5865

19-11-2019 ൽ മറുപടിക്ക്

## ലാപ് ടോപ്പുകളും ടാബുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

**ശ്രീ. എം. സ്വരാജ്**

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് സർക്കാർ നേതൃത്വത്തിൽ ലാപ്ടോപ്പുകളും ടാബുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

എ) ലാപ്ടോപ്പുകളും സെർവറുകളും ആരംഭിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി, കെൽട്രോൺ, സ്വകാര്യ ഐ.ടി കമ്പനിയായ യു.എസ്.ടി ഗ്ലോബൽ, സ്റ്റാർട്ടപ്പ് കമ്പനിയായ ആക്സിലെറോൺ എന്നിവർ സംയുക്തമായി കോകോണിക്സ് (Coconics) എന്ന കമ്പനി ആരംഭിച്ചിരുന്നു. സർക്കാറിന്റെ നിർദ്ദേശമനുസരിച്ച് 500 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെൽട്രോണിന്റെ മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിച്ചിരിക്കുന്ന ISO 9001 & 14001 ഫാക്ടറിയിൽ പ്രസ്തുത ലാപ്ടോപ്പ്, സെർവർ എന്നിവയുടെ നിർമ്മാണത്തിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ നിർമ്മാണശാല സജ്ജമാക്കിയിട്ടുണ്ട്. ടി ഫാക്ടറിയിൽ നിന്നും 2 ലക്ഷത്തോളം ലാപ്ടോപ്പുകൾ ഒരു വർഷം നിർമ്മിച്ചു നല്കാൻ സാധിക്കുന്നതാണ്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് സാക്ഷ്യപത്രം നൽകിയിട്ടുള്ള ഈ ലാപ്ടോപ്പിന് IT മിഷൻ വളരെ നല്ല പെർഫോമൻസ് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. ഗവണ്മെന്റ് ഈയിടെ നടത്തിയ റേറ്റ് കോൺട്രാക്ട് (CPRCS) ടെൻഡറിൽ COCONICS പങ്കെടുത്തിരുന്നു അതിന്റെ ഭാഗമായി അടുത്ത ഒരു വർഷത്തേയ്ക്ക് ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകളിൽ ലാപ്ടോപ്പുകൾ വിതരണം ചെയ്യാനുള്ള കരാറിൽ ഒപ്പിടുകയും

ചെയ്യു. കൂടാതെ അടുത്ത പടിയായി സെർവ്വേഴ്സും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതാണ്.

ബി) എന്നത്തേക്ക് ഇവ വിപണിയിൽ എത്തിക്കാനാകുമെന്ന് അറിയിക്കുമോ ;

ബി) ജനുവരി 2020 മുതൽ ലാപ്ടോപ്പുകൾ പൊതു വിപണിയിൽ ലഭ്യമായി തുടങ്ങുന്നതാണ്.

സി) ഈ പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുമെന്ന് അറിയിക്കുമോ?

സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇതുവരെ 60-ഓളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് .

സെക്ഷൻ ഓഫീസർ